"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - ചൂരൽമല മുണ്ടക്കൈ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് അടിയന്തിര ആശ്വാസ ധനസഹായം- കാലാവധി ദീർഘിപ്പിച്ചു ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.273/2026/DMD തീയതി,തിരുവനന്തപുരം, 03-07-2026

---

പരാമർശം:-

1. സ.ഉ(സാധാ) നം. 589/2024/ഡിഎംഡി തീയതി 09/08/2024
2. സ.ഉ(സാധാ) നം.814/2024/ഡിഎംഡി തീയതി 23/10/2024
3. സ.ഉ(സാധാ) നം. 842/2024/ഡിഎംഡി തീയതി 13/11/2024
4. സ.ഉ.(സാധാ) നം.224/2025/ഡിഎംഡി തീയതി 07/04/2025
5. സ.ഉ.(സാധാ) നം.41/2026/ഡിഎംഡി തീയതി 18/01/2026
6. സ.ഉ.(സാധാ) നം. 190/2026/ഡിഎംഡി തീയതി 17/04/2026
7. വയനാട് ഉരുൾപൊട്ടൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനുള്ള മന്ത്രിസഭാ ഉപസമിതി, 17/06/2026 തീയതിയിൽ ചേർന്ന അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ്
8. വയനാട് ജില്ലാകളക്ടറുടെ 27/06/2026, 30/06/2026 എന്നീ തീയതികളിലെ DCWYD/1637/2025/DM3 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ 30/07/2024-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം 30 ദിവസത്തേക്ക് ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് വീതം SDRF ൽ നിന്നും അനുവദിക്കുന്നതിനും, ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള / കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് CMDRF ൽ നിന്നും അനുവദിക്കുന്നതിനും പരാമർശം (1) പ്രകാരം അനുമതി നല്കിയിരുന്നു. മേൽ ധനസഹായം പരമാവധി 90 ദിവസം വരെ നല്കുന്നതിന് പരാമർശം (2), (3) പ്രകാരവും 9 മാസക്കാലത്തേയ്ക്കു കൂടി തുടർന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരവും അനുമതി നല്കി ഉത്തരവായിരുന്നു. പരാമർശം (5) പ്രകാരം 6 മാസ കാലത്തേക്ക് (ജൂൺ 2026) കൂടിയോ വീട് നിർമ്മാണം പൂർത്തിയാക്കി താക്കോൽ കൈമാറുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ എന്ന വ്യവസ്ഥയിൽ ധനസഹായം തുടർന്നും

അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവായിരുന്നു.

2. ദുരന്ത ബാധിതരുടെ ഉപജീവനത്തിനുള്ള മാർഗ്ഗങ്ങൾ പൂർണ്ണമായി സജ്ജമാകാത്തതിനാൽ നിലവിൽ ജൂൺ 2026 വരെ അനുവദിച്ചിരുന്ന വാടക, ഉപജീവനബത്ത, സപ്ലൈകോ ഫുഡ് കൂപ്പൺ എന്നിവ അടുത്ത 3 മാസത്തേക്ക് കൂടി അനുവദിക്കാവുന്നതാണെന്നും, ആദ്യഘട്ടത്തിൽ ടൗൺഷിപ്പിൽ വീട് കൈമാറിയ 177 കുടുംബങ്ങൾക്ക് ഉപജീവനബത്ത, സപ്ലൈകോ ഫുഡ് കൂപ്പൺ എന്നിവ അടുത്ത 3 മാസത്തേക്ക് കൂടി അനുവദിക്കാവുന്നതാണെങ്കിലും വാടക ജൂൺ 30 വരെ മാത്രം അനുവദിക്കേണ്ടതുള്ളു എന്നും പരാമർശം (7) പ്രകാരം തീരുമാനിച്ചിരുന്നു.

3. മുണ്ടക്കൈ ചൂരൽമല ദുരന്ത ബാധിതർക്ക് ഉപജീവനബത്ത തുടർന്നും അനുവദിക്കുന്നതിന് ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വേണ്ടി SDRF ൽ നിന്ന് പ്രതിമാസം 1,05,30,000/-രൂപയും, കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/-രൂപ വീതം അധികമായി CMDRF ൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിനായി പ്രതിമാസം 1,26,000/-രൂപയും അനുവദിക്കണമെന്ന് വയനാട് ജില്ലാ കളക്ടർ പരമാർശം (8) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങളിലെ 2 വ്യക്തികൾക്ക് വീതം SDRF ൽ നിന്ന് അനുവദിക്കുന്ന ധനഹായവും, കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/-രൂപ വീതം അധികമായി CMDRF ൽ നിന്നും അനുവദിക്കുന്ന ധനസഹായവും 3 മാസ കാലത്തേക്ക് കൂടി തുടർന്നും അനുവദിക്കുന്നതിനു അനുമതി നൽകിയും, ആയതിലേക്കായി വയനാട് ജില്ലാ കളക്ടറുടെ പ്രൊപോസൽ പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2245-02-101-94-01 Flood and Other Items എന്ന ശീർഷകത്തിൽ നിന്നും ₹3,15,90,000/-രൂപയും (മൂന്ന് കോടി പതിനഞ്ച് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ₹3,78,000/- രൂപയും (മൂന്നു ലക്ഷത്തി എഴുപത്തി എണ്ണായിരം രൂപ മാത്രം) വയനാട് ജില്ലാ കളക്ടർക്കു അനുവദിച്ചും ഉത്തരവാകുന്നു. കൂടാതെ ടൗൺഷിപ്പിൽ ആദ്യഘട്ടത്തിൽ വീട് കൈമാറിക്കിട്ടിയ 177 കുടുംബങ്ങൾക്ക് ജൂൺ 30 വരെയും ബാക്കി ഗുണഭോക്താക്കൾക്ക് അടുത്ത 3 മാസത്തേക്ക് കൂടിയും വാടക അനുവദിച്ചു ഉത്തരവാകുന്നു.

5. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2245-02-101-94-01 Flood and Other Items എന്ന ശീർഷകത്തിൽ നിന്നും SDRF വിഹിതമായ ₹3,15,90,000/- രൂപ വയനാട് ജില്ലാ കളക്ടർക്കു അനുവദിക്കാനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും CMDRF വിഹിതമായ ₹3,78,000/- രൂപ വയനാട് ജില്ലാ കളക്ടർക്കു നൽകാനുള്ള നടപടികൾ റവന്യൂ(ഡിആർഎഫ് ) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

6. സൂചന 7-ലെ തീരുമാന പ്രകാരം വാടക അനുവദിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ വയനാട് ജില്ലാ കളക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ട്
ജില്ലാകളക്ടർ, വയനാട്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ,ദുരന്ത നിവാരണ വകുപ്പ്
റവന്യൂ(ഡിആർഎഫ് സി) വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(DMA3/23/2026-DMD-Part(1) )

ഉത്തരവിൻ പ്രകാരം
Signed by
Manu S
Date: 03-07-2026 12:59:17
സെക്ഷൻ ഓഫീസർ